സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന, സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്ന ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയ്ക്ക് ചില നിബന്ധനകൾക്ക് വിധേയമായി പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

(ബി) വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കോവിഡ് കാരണം വരുമാന രഹിതരായ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ പദ്ധതികൾ നടപ്പാക്കിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് കാരണം വരുമാനരഹിതരായ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതികൾ നടപ്പാക്കിയിരുന്നു. ചീഫ് മിനിസ്റ്റേഴ്സ് ലോൺ അസിസ്റ്റൻസ്/സപ്പോർട്ട് സ്കീം, ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം എന്നീ ധനസഹായ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

**പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിലെ കയ്യേറ്റം**

22 (*81) <u>ശ്രീ. എ. കെ .എം. അഷ്റഫ്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വികസനത്തിന് തടസ്സമാകുംവിധം പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിൽ വ്യാപകമായ കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ചിലയിടങ്ങളിൽ കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം കയ്യേറ്റം നടത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

എല്ലാ ജില്ലയിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കയ്യേറ്റങ്ങളുടെ വിശദമായ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സർവ്വേ വകുപ്പിന്റെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തുന്ന കയ്യേറ്റങ്ങൾ നോട്ടീസ് നൽകി ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. ഇതുകൂടാതെ ജില്ലാ ഭരണകൂടങ്ങളുടെ സഹായത്തോടെ പോലീസ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് ഒഴിപ്പിക്കൽ ഡ്രൈവുകൾ നടത്താറുണ്ട്. ഇപ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം തിരിച്ചുപിടിക്കാൻ ശക്തമായ നിയമ നടപടികളാണ് സ്വീകരിക്കുന്നത്.

**ക്ഷേമനിധി ബോർഡുകളുടെ പുനരുദ്ധാരണം**

23 (*82) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ മറയാക്കിക്കൊണ്ട് തൊഴിൽ സമയം ദീർഘിപ്പിക്കാനും തൊഴിൽ കോഡുകൾവഴി തൊഴിലാളികളുടെ അവകാശങ്ങൾ കവരാനും കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം തൊഴിലാളികളിൽ മഹാമാരിയുടെ ആഘാതം തീവ്രമാക്കിയ കാര്യം പരിശോധനാ വിധേയമാക്കിയിരുന്നോ?

കോവിഡിനെ മറയാക്കിക്കൊണ്ട് തൊഴിൽ സമയം ദീർഘിപ്പിക്കാനും തൊഴിൽ കോഡുകൾവഴി തൊഴിലാളികളുടെ അവകാശങ്ങൾ കവരാനും കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വരുമാനം നിലച്ച തൊഴിലാളികളുടെ അതിജീവനത്തിനായി സംസ്ഥാനത്ത് വിവിധ ക്ഷേമനിധി ബോർഡുകൾവഴി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; ധനകമ്മിയുള്ള ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിരുന്നോ?

കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണും കാരണം വരുമാനം നിലച്ച തൊഴിലാളികളുടെ അതിജീവനത്തിനായി സർക്കാരും തൊഴിലാളി ക്ഷേമനിധി ബോർഡുകളും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ 1000 രൂപ മുതൽ 3000 രൂപ വരെ

LIBRARY ARCHIVES Kerala Legislative Assembly